മന്ത്രിമാരുടെ അലവൻസുകൾ

26(26) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

മുഖ്യമന്ത്രിയുൾപ്പെടെയുള്ള മന്ത്രിമാർ, ചീഫ് വിപ്പ് എന്നിവരിൽ ഓരോരുത്തരും ഇതുവരെ ടി.എ., ഡി.എ., മറ്റ് അലവൻസുകൾ എന്നീ ഇനങ്ങളിൽ എന്തു തുക പറ്റിയിട്ടുണ്ട് ?

ഉത്തരം

ടി.എ., ഡി.എ. എന്നിവയെ സംബന്ധിച്ച് വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു†. മറ്റ് അലവൻസുകളെ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

മന്ത്രിമാരുടെയും പേഴ്സണൽ സ്റ്റാഫിന്റേയും ചെലവ്

27(27) ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ മന്ത്രിയും അവരുടെ പേഴ്സണൽ സ്റ്റാഫിലുള്ളവരും ശമ്പളം, ടി.എ., ഡി.എ., മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ്, ടെലഫോൺ ചാർജ് എന്നീയിനത്തിൽ ഇതുവരെ എന്തുതുക വീതം കൈപ്പറ്റിയിട്ടുണ്ടെന്ന് പറയാമോ ?

ഉത്തരം

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ മന്ത്രിക്കും വേണ്ടി ചെലവായ ടി.എ., ഡി.എ. എന്നിവയെ സംബന്ധിക്കുന്ന വിവരം അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു†. മന്ത്രിമാർക്ക് മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ഇനത്തിൽ നാളിതുവരെ 14,75,198 രൂപ (പതിനാലു ലക്ഷത്തി എഴുപത്തിയഞ്ചായിരത്തി ഒരുനൂറ്റി തൊണ്ണൂറ്റിയെട്ടു രൂപ മാത്രം) ചെലവായിട്ടുണ്ട്. ടെലഫോൺ ചാർജ് സർക്കാർ നേരിട്ട് ടെലികോം ഡിപ്പാർട്ടുമെന്റിൽ അടയ്ക്കുകയാണ്. ഈയിനത്തിൽ 1999 ഡിസംബർ 31 വരെ 3,40,80,602 രൂപ (മൂന്നുകോടി നാല്പത് ലക്ഷത്തി എൺപതിനായിരത്തി അറുനൂറ്റി രണ്ടു രൂപ മാത്രം) ചെലവായിട്ടുണ്ട്. മന്ത്രിമാരുടെ ശമ്പളം, പേഴ്സണൽ സ്റ്റാഫിന് ഈയിനങ്ങളിൽ ചെലവായ തുക എന്നിവ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

മന്ത്രിമാരുടെ സൽക്കാരച്ചെലവ്

28(28) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

† അനുബന്ധം XI
† അനുബന്ധം XII

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ ഓരോ മന്ത്രിക്കും സൽക്കാരച്ചെലവ് ഇനത്തിൽ എന്തു തുക ചെലവായിട്ടുണ്ട് ;

(ബി) ഏതെങ്കിലും മന്ത്രിക്ക് തിരുവനന്തപുരത്തിനുപുറത്ത് ഈ ഇനത്തിൽ ചെലവ് വന്നിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം മന്ത്രിമാർക്ക് എന്തുതുക വീതം ചെലവായി ;

(സി) ഏതെങ്കിലും മന്ത്രിക്ക് വിദേശത്ത് ഈ ഇനത്തിൽ ചെലവ് വന്നിട്ടുണ്ടോ ; എങ്കിൽ ആർക്ക് എന്തു തുക ചെലവായി എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിട്ടുണ്ട്. (അനുബന്ധം-എ)†

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്. (അനുബന്ധം-ബി)†

(സി) ഇതു സംബന്ധിച്ച വിവരം ലഭ്യമല്ല. ശേഖരിച്ച് നൽകുന്നതാണ്.

വിദേശയാത്ര നടത്തിയ മന്ത്രിമാർ

29(29) ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഏതെല്ലാം മന്ത്രിമാർ എത്രപ്രാവശ്യം വീതം വിദേശയാത്ര നടത്തിയിട്ടുണ്ട് ;

(ബി) ഓരോ യാത്രയിലും ഏതെല്ലാം വിദേശരാജ്യങ്ങളാണ് അവർ സന്ദർശിച്ചത് ;

(സി) ഒരോ മന്ത്രിക്കും വിദേശമന്ത്രിക്കുവേണ്ടി ടി.എ/ഡി.എ എന്നീ ഇനങ്ങളിൽ എന്തു തുകവീതം കൈപ്പറ്റിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) മുഖ്യമന്ത്രി : 5 പ്രാവശ്യം.

05-07-1996	-	09-07-1996 അമേരിക്ക
14-11-1996	-	24-11-1996 ജർമ്മനി, നെതർലാന്റ്, യു.എ.ഇ,
10-06-1997	-	22-06-1997 കാനഡ, അമേരിക്ക, ഫ്രാൻസ്, ഇറ്റലി,
26-09-1998	-	28-09-1998 ദോഹ
28-4-1999	-	03-05-1999 ഒമാൻ, മസ്ക്കറ്റ്, അബുദാബി, ദുബൈ, കുവൈറ്റ്.

† അനുബന്ധം XIII

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XIII

[21-2-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 28(28) ദയവായി കാണുക]

31-12-1999 വരെയുള്ള താൽക്കാലിക കണക്ക്

		രൂപ
1.	ബഹു.മുഖ്യമന്ത്രി	10,49,092
2.	ബഹു.വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി	2,50,325
3.	ബഹു.ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി	3,91,546
4.	ബഹു.വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി	
	ശ്രീ. പിണറായി വിജയൻ	1,37,812
	ശ്രീ. എസ്. ശർമ്മ	83,069
5.	ബഹു. മത്സ്യബന്ധനവും ഗ്രാമവികസനവും വകുപ്പുമന്ത്രി	2,82,807
6.	ബഹു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി	3,16,975
7.	ബഹു. പിന്നോക്ക വിഭാഗക്ഷേമ വകുപ്പുമന്ത്രി	1,05,401
8.	ബഹു.റവന്യൂ വകുപ്പുമന്ത്രി	1,48,826
9.	ബഹു.കൃഷി വകുപ്പുമന്ത്രി	
	ശ്രീ. വി.കെ. രാജൻ	43,231
	ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ	1,18,464
10.	ബഹു.ഭക്ഷ്യ-ടൂറിസ-നിയമ വകുപ്പുമന്ത്രി	2,10,136
11.	ബഹു.വിദ്യാഭ്യാസവും പൊതുമരാമത്തും വകുപ്പുമന്ത്രി	2,33,964
12.	ബഹു.ജലസേചനവും തൊഴിലും വകുപ്പുമന്ത്രി	
	ശ്രീ. ബേബി ജോൺ	90,314
	ശ്രീ. വി. പി. രാമകൃഷ്ണപിള്ള	1,79,670
13.	ബഹു.മുൻ വന-ഗതാഗത വകുപ്പുമന്ത്രിമാർ	
	ശ്രീ. പി. ആർ. കുറുപ്പ്	1,06,802
	ശ്രീ. എ. നീലലോഹിതദാസൻ നാടാർ	76,523
14.	ബഹു.ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി	2,14,913

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം ബി

		രൂപ
1.	ബഹു.മുഖ്യമന്ത്രി	57,739
2.	ബഹു.വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി	18,594
3.	ബഹു.ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി	3,994
4.	ബഹു.വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി	
	ശ്രീ. പിണറായി വിജയൻ	6,257
	ശ്രീ. എസ്. ശർമ്മ	750
5.	ബഹു. മത്സ്യബന്ധനവും ഗ്രാമവികസനവും വകുപ്പുമന്ത്രി	18,320
6.	ബഹു.പിന്നോക്ക വിഭാഗക്ഷേമ വകുപ്പുമന്ത്രി	1,429
7.	ബഹു.റവന്യൂ വകുപ്പുമന്ത്രി	17,905
8.	ബഹു.കൃഷി വകുപ്പുമന്ത്രി	
	ശ്രീ. വി.കെ. രാജൻ	2,975
	ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ	9,631
9.	ബഹു.ഭക്ഷ്യ-ടൂറിസ-നിയമ വകുപ്പുമന്ത്രി	16,988
10.	ബഹു.വിദ്യാഭ്യാസവും പൊതുമരാമത്തും വകുപ്പുമന്ത്രി	5,888
11.	ബഹു.ജലസേചന വകുപ്പുമന്ത്രി	
	ശ്രീ. ബേബി ജോൺ	12,516
12.	ബഹു.മുൻ വന-ഗതാഗത വകുപ്പുമന്ത്രി	3,545
13.	ബഹു. മുൻആരോഗ്യ വകുപ്പുമന്ത്രി	1,525

LIBRARY ARCHIVES Kerala Legislative Assembly